# Bulletin
# DIOCESE OF HOSUR



Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai-600 023
E-mail: hosurdiocese@gmail.com



Patron

Mar Sebastian Pozholiparamibil
Bishop of Hosur

October 2018

Chief Editor
Fr. Arun Chakkalackal
Mob. 9840386758


## ഉള്ളടക്കം


ഇടയശബ്ദം....................................2

മാർപ്പാപ്പയുടെ സന്ദേശം................4

പ്രസ്സ്റിലീസ് (കെസിബിസി).......10

പ്രസ്സ്റിലീസ് (കെസിബിസി).......13

കച്ചേരികാര്യങ്ങൾ.........................16

SMYM.........................................17

പിതൃവേദി....................................18

മതബോധനം................................18

സെമിനാരി വാർത്തകൾ..............19

ഇടയന്റെ ഇന്നലകൾ...................20

ഇടയന്റെ നാളകൾ.......................20



Printed by **E.P. SANKARAN** and published by **MSGR VARGHESE PEREPPADAN** on behalf of **MAR THOMA TRUST** and printed at M/s SUNITHA PRINTERS, No: 193, Peters Road, Royapettah, Chennai-14 and published at BISHOPS OFFICE, St.Thomas Pastoral Centre, No:16,Ayanavaram Road,Ayanavaram,Chennai-23

## ഇടയശബ്ദം



ഹൊസൂർ രൂപതയും ജപമാലയും

മിശിഹായിൽ സ്നേഹമുള്ള ഹൊസൂർ രൂപതാ കുടുംബാംഗങ്ങളെ,

ഒക്ടോബർ മാസം ഹൊസൂർ രൂപതയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട മാസമാണ്. **ജപമാലയുടെ ശക്തി സംഭരിച്ച് നേടിയെടുത്ത ഒരു രൂപതയാണ് ഹൊസൂർ രൂപത.** ജപമാലയുടെ ശക്തി സമാഹരിച്ച് രൂപതയുടെ ആദ്യ വർഷം തന്നെ മുന്നോട്ടു കുതിക്കുവാൻ നമുക്കു പരിശ്രമിക്കാം. പരിശുദ്ധ അമ്മ നമ്മെ അനുഗ്രഹിക്കാൻ ഒരുങ്ങി നിൽക്കുന്നു. അമ്മയുടെ തിരുസുതന്റെ മൗതികശരീരമായ തിരുസ്സഭയെ മാദ്ധ്യമലോകം അവഹേളിക്കുകയും പച്ചക്കള്ളം പോലെ അവതരിപ്പിച്ച് മുറിവേൽപ്പിക്കുകയും ചെയ്യുന്നതിൽ അമ്മ ദു:ഖിതയായിരിക്കും, അമ്മയുടെ ഈ വേദനയിൽ പങ്കുചേർന്ന് ദുഷിച്ച മാദ്ധ്യമവേട്ടക്കെതിരെ ശക്തമായ ഒരു നിലപാട് സ്വീകരിക്കുവാൻ നമുക്കൊരുങ്ങാം. ഇതിനുള്ള ഏക പോംവഴി അമ്മയെപ്പോലെ ഒരു ആദ്ധ്യാത്മിക വിപ്ലവത്തിനൊരുങ്ങുക എന്നതാണ്. ഇതിലേക്ക് ഞാൻ ഉൾപ്പെടുന്ന ഹൊസൂർ രൂപതയിലെ വൈദികരും സമർപ്പിതസമൂഹവും അത്മായസമൂഹവും കടന്നുവരുവാൻ ഈ ഒക്ടോബർ മാസം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഇന്ന് ക്രൈസ്തവ സഭയിലെ പതിനായിരക്കണക്കിന് സമർപ്പിതരിൽ ഒന്നോ രണ്ടോ വ്യക്തികളിൽ ഉള്ളതോ ഇല്ലാത്തതോ ആയ ചില പോരായ്മകൾ പെരുപ്പിച്ച് കാട്ടി ക്രൈസ്തവ സഭയെ അപമാനിക്കുന്നതിൽ മാദ്ധ്യമലോകം വിജയിച്ചിരിക്കുന്നു. സഭയെയും സമർപ്പിതരെയും കരിവാരി തേക്കുന്നതിൽ വിവേകം വെടിഞ്ഞ ഏതാനും സമർപ്പിതർ തന്നെ മാദ്ധ്യമലോകത്തിന്റെ മുന്നിൽ ഇതിനുള്ള കരുക്കളായി മാറി എന്നത് വിചിത്രം തന്നെ. എന്തായാലും തിന്മയുടെ ശക്തി കൊടികുത്തി വാഴുന്നതിന്റെ സൂചനയാണ് സഭക്കും സമർപ്പിതർക്കും എതിരെയുള്ള ആധുനിക ലോകത്തിന്റെ ഈ മുന്നേറ്റം. പലർക്കും ഇന്നത് ഉതപ്പിനു കാരണമായിട്ടുണ്ട്. എന്നാൽ ഈ മാദ്ധ്യമവിപ്ലവത്തെ കണ്ട് നാം പകച്ചുനിൽക്കേണ്ടതില്ല. ഇതിന്

പ്രതിവിധിയുണ്ട് **ആദ്ധ്യാത്മിക വിപ്ലവം.** ഈ ആദ്ധ്യാത്മിക വിപ്ലവം ഇന്ന് സഭയിൽ അനിവാര്യമാണ്. മാദ്ധ്യമങ്ങളെ ഉപകരണങ്ങളാക്കി ഭൗതികതയിൽ നിന്നും ആദ്ധ്യാത്മികതയിലേക്കുള്ള സമർപ്പിതരുടെ ചുവടുമാറ്റത്തിന് ദൈവം തന്നെ ഇന്ന് അവസരമൊരുക്കുക യാണെന്നാണ് ഞാൻ കരുതുക. സഭയിൽ ഉടനെത്തന്നെ ഈ ആദ്ധ്യാത്മികവിപ്ലവം പൊട്ടിപ്പുറപ്പെടേണ്ടിയിരിക്കുന്നു. മാദ്ധ്യമലോകത്തെ അന്ധകാരശക്തികളെ നേരിട്ട് എതിർക്കാതെ ആത്മാവിന്റെ ശക്തിയാൽ ആദ്ധ്യാത്മിക വിപ്ലവത്തിലൂടെ നേരിടുക എന്നത് മാത്രമാണ് ഇന്നത്തെ പ്രതിസന്ധി നേരിടാനുള്ള ഏക പ്രതിവിധി. ഇതിനായി 10 കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. **പ്രതിദിനം ഒരു മണിക്കൂറെങ്കിലും വി. കുർബാനയുടെ മുമ്പിലായിരിക്കുക.**
2. **പ്രതിദിനം ബൈബിൾ ഒരദ്ധ്യായമെങ്കിലും വായിക്കുക.**
3. **ആഴ്ചയിൽ ഒരു നേരമെങ്കിലും ഉപവസിക്കുക.**
4. **പ്രതിദിനം മൂന്ന് മണിക്കൂറെങ്കിലും പ്രാർത്ഥനകൾക്കായി മാറ്റിവെയ്ക്കുക(വി.ബലിയർപ്പണം, ആരാധന, കാനോന നമസ്കാരം, ജപമാല, 100 സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥന, ബൈബിൾ വായന, വ്യക്തിപരമായ ആദ്ധ്യാത്മിക കൃത്യങ്ങൾ)**
5. **മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിക്കുക**
6. **പ്രതിദിനം യോഗ്യതയോടെ ആരോടും വെറുപ്പില്ലെന്ന് ഉറപ്പ് വരുത്തി വിശുദ്ധ കുർബാന സ്വീകരിക്കുക.**
7. **എല്ലാവരെയും ഒരുപോലെ സ്നേഹിക്കുകയും ഒപ്പം വ്യക്തി ബന്ധങ്ങളിൽ നിശ്ചിത അകലം പാലിക്കുകയും ചെയ്യുക.**
8. **നാം ബലഹീനരാണെന്ന് മനസ്സിലാക്കി പാപസാഹചര്യങ്ങൾ ഒഴിവാക്കുവാൻ നിരന്തരം പരിശ്രമിക്കുക.**
9. **അധികാര, അഹങ്കാര ചിന്തകൾ വെടിഞ്ഞ് എളിമയും വിവേകവും ഉള്ളവരാകുക.**
10. **മറ്റുള്ളവരുടെ പാദം കഴുകിയ യേശുവിനെ അനുകരിച്ച് മറ്റുള്ളവർക്ക് എപ്പോഴും ശുശ്രൂഷ ചെയ്യുന്നവരായി മാറുക.**

നിങ്ങളുടെ പിതാവ്

മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

Ref: 3141/K-5/KCBC/OL/DS
15.09.2018

## ആഗോളമിഷൻദിനം-2018
## സന്ദേശം
**ഫ്രാൻസിസ് മാർപാപ്പ**

*നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം*

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

### ജീവിതം ഒരു മിഷനാണ്
ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മു

ടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും - പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

**നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു**

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടുനിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. “ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?” എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചും അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർച്ചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷിതത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള  ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ "കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൾ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടു

ന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷണറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ "ഏററവും എളിയവരെ" സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷണറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷണറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നട

ത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചില്ലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂ ഷ്റൈൻ, 17 ജനുവരി 2018).

പ്രിയയുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷണറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.
വത്തിക്കാനിൽ നിന്ന്, 20 മേയ് 2018 പെന്തെക്കോസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

**കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**

**പി.ഒ.സി., കൊച്ചി - 682 025**

All Kerala Press Release
*Ref: 632/KCBC/K-6/KPR/DS*

**സ്വവർഗരതി - കോടതിവിധി നിയമപരവും ധാർമികവുമായ പ്രത്യാഘാതങ്ങളുണ്ടാക്കും: കെസിബിസി**

പ്രായപൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരമുള്ള സ്വവർഗരതി കുറ്റകരമല്ലെന്ന സുപ്രീം കോടതി വിധി നിർണായകമാണ്. ഇത് ഇന്ത്യൻ സമൂഹത്തിൽ ദൂരവ്യാപകഫലങ്ങളുണ്ടാക്കും. വ്യക്തികൾ പരസ്യ മായോ രഹസ്യമായോ ഏർപ്പെടുന്ന സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും കുറ്റകരമാക്കുന്ന ഐപിസി 377-ൽ മാറ്റം വരുത്തിക്കൊ ണ്ടാണ് സുപ്രീംകോടതിയുടെ ഭരണഘടന ബഞ്ച് 2018 സെപ്റ്റംബർ 6-ാം തീയതി പ്രസ്തുത വിധി പുറപ്പെടുവിച്ചിരിക്കുന്നത്. നിയമനട പടി ആവശ്യപ്പെടാവുന്ന കുറ്റകൃത്യങ്ങളുടെ പട്ടികയിൽ നിന്ന് പ്രായ പൂർത്തിയായവർ തമ്മിൽ ഉഭയസമ്മതപ്രകാരം ഏർപ്പെടുന്ന സ്വവർഗ ലൈംഗിക പെരുമാറ്റങ്ങളും പ്രവൃത്തികളും ഒഴിവാക്കിയിരിക്കുന്നു. പ്രായപൂർത്തിയാകാത്തവരുമായുള്ള സ്വവർഗരതിപരമായ പ്രവൃത്തി കളും പെരുമാറ്റങ്ങളും കുറ്റകരമായി തുടരും. സ്വവർഗരതിപരമായ പെരു മാറ്റവും പ്രവൃത്തിയും നിയമപരമായി ശിക്ഷാർഹമല്ല എന്ന കോടതിവിധി ഉയർത്തുന്ന ധാർമികവും സാമൂഹ്യവുമായ പ്രത്യാഘാ തങ്ങൾ കോടതി വേണ്ടത്ര പരിഗണിച്ചതായി കാണുന്നില്ല എന്നതാണ് ഈ വിധിയുടെ പരിമിതിയും പോരായ്മയും. ഭ്രൂണഹത്യയുടെയും ദയാ വധത്തിന്റെയും കാര്യത്തിലെന്നപോലെ സ്വവർഗരതിയും നിയമപര മായി കുറ്റകരമല്ലാത്ത പ്രവൃത്തിയായിത്തീർന്നിരിക്കുന്നു. മാത്രവുമല്ല ഭ്രൂണഹത്യയ്ക്കും ദയാവധത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയമപര മായ നിയന്ത്രണങ്ങൾ സ്വവർഗരതിയുടെ കാര്യത്തിൽ ഉണ്ടായിട്ടുമില്ല.

സ്വവർഗലൈംഗികാഭിമുഖ്യമുള്ള വ്യക്തികളുടെ മാനുഷിക മഹത്ത്വവും മൂല്യവും സംരക്ഷിക്കപ്പെടേണ്ടതാണ്. വ്യക്തികളെന്ന നില യിൽ സ്വവർഗരതിക്കാരുടെ മനുഷ്യാന്തസ്സിനേയും അതിൽ നിന്നുത്ഭ വിക്കുന്ന മനുഷ്യാവകാശങ്ങളെയും രാജ്യത്തെ പൗരന്മാരെന്ന നില യ്ക്കുള്ള അവരുടെ ഭരണഘടനാപരമായ അവകാശങ്ങളെയും സഭ ആദരിക്കുന്നു. പ്രസ്തുത അവകാശങ്ങളെ സംരക്ഷിക്കുന്നതിന് കത്തോ ലിക്കാസഭ പ്രതിജ്ഞാബദ്ധവുമാണ്. എന്നാൽ സ്വവർഗലൈംഗികത

യെന്ന അവസ്ഥ അവരുടെ ലൈംഗികതയിൽ വരുത്തിയിട്ടുള്ള പരിമിതികൾ അവരും സമൂഹവും അംഗീകരിക്കുകയും അതനുസരിച്ചുള്ള ജീവിതക്രമങ്ങൾ പാലിക്കുകയും ചെയ്യുമ്പോഴാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയും സുസ്ഥിതിയും ഉറപ്പുവരുത്താൻ കഴിയുന്നത്. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും പൊതുസമൂഹത്തിലും ഉന്നതമായ ധാർമിക നിലവാരം പ്രതീക്ഷിക്കുന്ന ഭാരതീയസമൂഹത്തിന് ഈ കോടതി വിധി ഉയർത്തുന്ന ധാർമിക പ്രശ്നങ്ങളും നിയമപരമായ പ്രത്യാഘാതങ്ങളും കണ്ടില്ലെന്ന് നടിക്കാനാവില്ല.

**നിയമപരമായ പ്രത്യാഘാതങ്ങൾ**

സ്വവർഗരതി നിയമപരമായി കുറ്റകരമല്ലാതാകുമ്പോൾ എതിർ ലിംഗത്തിൽപ്പെട്ട പ്രായപൂർത്തിയായവർ തമ്മിൽ പരസ്പര സമ്മതത്തോടെ രഹസ്യമായോ പരസ്യമായോ ഉള്ള ലൈംഗികപെരുമാറ്റങ്ങളും പ്രവൃത്തികളും നിയമപരമായ നിയന്ത്രണങ്ങൾക്കതീതമായിരിക്കണമെന്ന വാദം ശക്തിപ്പെടാം. ഇത് വിവാഹപൂർവ-വിവാഹേതര ലൈംഗികബന്ധങ്ങളെയും അനിയന്ത്രിതമായ സ്വവർഗലൈംഗികതയെയും പ്രോത്സാഹിപ്പിക്കും. ഇത് ഭാരതീയസംസ്കാരത്തിന് അനുയോജ്യമാണോയെന്നും സാമൂഹ്യജീവിതത്തിനും കുടുംബഭദ്രതയ്ക്കും ധാർമിക പുരോഗതിക്കും സഹായകമാണോയെന്നും കോടതി ഗൗരവപൂർവം പരിഗണിച്ചതായി കാണുന്നില്ല.

സ്വവർഗലൈംഗിക പങ്കാളികളുടെ വിവാഹ അവകാശവാദത്തിലേക്കും കൂടിത്താമസം, കുട്ടികളുടെ ദത്തെടുക്കൽ തുടങ്ങിയ അവകാശങ്ങളിലേക്കുമുള്ള ചവിട്ടുപടിയായും ഈ വിധിയെ കാണാവുന്നതാണ്. ഇതു വിവാഹം, കുടുംബം, കുട്ടികളുടെ പരിപാലനം തുടങ്ങിയ വിഷയങ്ങളിലും നിയമപരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. കുടുംബവും സമൂഹവും രാഷ്ട്രവും നിലനില്ക്കുന്നതിന്റെ ധാർമിക അടിത്തറ പ്രകൃതി നിയമത്തിലധിഷ്ഠിതമായ സ്ത്രീ പുരുഷ ബന്ധത്തിലും സ്ത്രീയുടെയും പുരുഷന്റെയും വ്യത്യസ്ഥമായ ലൈംഗികതയുടെ പാരസ്പര്യത്തിലുമാണ്. ഇപ്രകാരമുള്ള ധാർമിക അടിത്തറയിലാണ് വിവാഹബന്ധത്തിലേക്കും ദാമ്പത്യസ്നേഹത്തിലേക്കും കുടുംബജീവിതത്തിലേക്കും സന്താനോല്പാദനത്തിലേക്കും നയിക്കുന്ന സ്ത്രീ പുരുഷ ബന്ധം നിലനില്ക്കേണ്ടത്. പ്രകൃതിനിയമത്തിനും അതിൽനിന്നുളവാകുന്ന ധാർമികതയ്ക്കുമെതിരായ നിയമം സമൂഹത്തെ നേർവഴിക്കു നടത്തും എന്നു കരുതാനാവില്ല.

കൂടാതെ സ്വവർഗലൈംഗികത ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നു. എച്ച്ഐവി/എയ്ഡ്സ് ഉൾപ്പടെയുള്ള മാരകരോഗങ്ങളുടെ വ്യാപ

നത്തിന് ഇത് കാരണമാകാമെന്ന് സമീപകാലപഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സ്വവർഗ ജോഡികളുടെ കൂടിത്താമസവും വിവാഹവും കുട്ടികളെ ദത്തെടുക്കുന്നതുൾപ്പെടെയുള്ള അവകാശങ്ങളും സ്വാഭാവിക സ്ത്രീപുരുഷബന്ധത്തിന്റെയും കുടുംബത്തിന്റെയും അന്തരീക്ഷത്തിൽ വളരാനുള്ള കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതായും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

**സ്വവർഗരതിയും ധാർമികതയും**

നിയമപരമായി കുറ്റകരമാകുന്നില്ലയെന്നതുകൊണ്ട് സ്വവർഗരതി ധാർമികമായി ശരിയോ സ്വീകാര്യമോ ആണെന്നു വരുന്നില്ല. സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തിയും മനുഷ്യന്റെ ലൈംഗികതയുടെ സ്വാഭാവിക ലക്ഷ്യത്തെ ലംഘിക്കുന്നു. രതിയുടെ ലക്ഷ്യം വിവാഹത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹപൂർണമായ ശാരീരിക ഒത്തുചേരലിൽ പൂർത്തീകരിക്കപ്പെടുന്ന പ്രജനനവും സ്നേഹത്തിന്റെ കൂട്ടായ്മയുമാണ്. ഇതാണ് കത്തോലിക്കാസഭയുടെ ധാർമിക നിലപാട്. കത്തോലിക്കാ ധാർമിക വീക്ഷണത്തിൽ, സ്വവർഗരതിപരമായ പെരുമാറ്റവും പ്രവൃത്തികളും ധാർമികമായി സ്വീകാര്യമല്ല. കത്തോലിക്കാ വിശ്വാസമനുസരിച്ച് വിവാഹം ഒരു കൂദാശയും സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധവുമാണ്. സ്വവർഗാനുരാഗികൾ തമ്മിലുള്ള "വിവാഹ" ബന്ധത്തെ സഭ അംഗീകരിക്കുന്നില്ല.

ജന്മനാ സ്വവർഗ ലൈംഗിക ചായ്‌വുള്ള ചുരുക്കം ചില വ്യക്തികളുണ്ട്. സ്വവർഗരതി ഒരു പ്രവണത അഥവാ ആഭിമുഖ്യം എന്ന നിലയിൽ ഈ വ്യക്തികളിൽ കാണപ്പെടുന്നത് കുറ്റകരമോ പാപമോ അല്ല. എന്നാൽ സ്വവർഗരതിയുടെ പ്രവൃത്തികളിൽ ഏർപ്പെടാനുള്ള അഭിനിവേശം ക്രമരഹിതവും നിയന്ത്രിക്കപ്പെടേണ്ടതുമാണ്. ധാർമികവും നിയമപരവുമായുള്ള ഇത്തരം നിയന്ത്രണമാണ് മനുഷ്യസമൂഹത്തെ സാംസ്കാരിക പുരോഗതിയിലേക്ക് നയിക്കുന്നത്. സ്വവർഗരതിയെ മഹത്വവത്ക്കരിക്കാനും ആഘോഷിക്കാനുമുള്ള പ്രവണതയും സമൂഹത്തിനു ഗുണകരമല്ല. ധാർമികതയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പുരോഗമനത്തിന്റെ പേരിലോ ലിബറലിസത്തിന്റെ പേരിലോ പാശ്ചാത്യ ചിന്താധാരകളെ, അവ ഉണ്ടാക്കിയിട്ടുള്ള ഗുരുതര പ്രത്യാഘാതങ്ങൾ പരിഗണിക്കാതെ അന്ധമായി സ്വീകരിക്കുന്നത് അപകടകരമാണ്.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി., ഡയറക്ടർ, പി.ഒ.സി.

All Kerala Press Release
*Ref: 633/KCBC/K-6/KPR/DS*

# അന്വേഷണം വേഗത്തിൽ പൂർത്തിയാക്കി നീതി നടപ്പാക്കണം: കെസിബിസി

ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളക്കലിനെതിരെ ഒരു സന്യാസിനി ഉന്നയിച്ച ലൈംഗിക പീഡനാരോപണത്തിന്റെ മറവിൽ, കത്തോലിക്കാ സഭയെയും ബിഷപ്പുമാരെയും അടച്ചാക്ഷേപിക്കുന്നതിന് സ്ഥാപിത താല്പര്യക്കാരും ചില മാധ്യമങ്ങളും അഞ്ചു കന്യാസ്ത്രീകളെ മുന്നിൽ നിർത്തി നടത്തിക്കൊണ്ടിരിക്കുന്ന സമരപരിപാടികൾ അതിരുകടന്നതും അംഗീകരിക്കാൻ കഴിയാത്തതുമാണ്. പോലീസ് ഒരു തരത്തിലുമുള്ള സമ്മർദത്തിനു വഴങ്ങാതെ കേസന്വേഷണം എത്രയും വേഗം നീതി പൂർവകമായി പൂർത്തിയാക്കണമെന്ന് കെസിബിസി ആവശ്യപ്പെടുന്നു.

പരാതിക്കാരിയായ സന്ന്യാസിനിയും ആരോപണവിധേയനായ ബിഷപ്പും കത്തോലിക്കാസഭയെന്ന കുടുംബത്തിലെ അംഗങ്ങളാക യാൽ അവർക്കുണ്ടാകുന്ന മുറിവും വേദനയും സഭയും പങ്കിടുന്നു. സന്ന്യാസിനിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനെ സ്വാഗതം ചെയ്തുകൊണ്ടും നിഷ്പക്ഷമായ അന്വേഷണത്തിൽ കുറ്റവാളിയെന്ന് കാണുന്നവരെ ഈ രാജ്യത്തു നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശിക്ഷിക്കുന്നതിൽ കത്തോലിക്കാസഭ ഒരുവിധത്തിലും തടസ്സം നില്ക്കുകയില്ലെന്ന് വ്യക്തമാക്കിക്കൊണ്ടും കെ.സി.ബി.സി.യുടെ അദ്ധ്യക്ഷൻ ആർച്ച്ബിഷപ് സൂസപാക്യം ആദ്യംതന്നെ പരസ്യപ്രസ്താവന നടത്തുകയുണ്ടായി. സഭാധികാരികൾക്ക് സന്യാസിനി പരാതി നല്കിയിട്ടുണ്ടെങ്കിൽ അതിന്മേൽ സഭാനിയമങ്ങളനുസരിച്ചുള്ള നടപടികളുണ്ടാകുമെന്നും അന്ന് വ്യക്തമാക്കിയിരുന്നു. ഈ നിലപാടിൽനിന്നും കത്തോലിക്കാസഭ പിന്നോട്ട് പോയിട്ടില്ല. പോയതായി ആരും ചൂണ്ടിക്കാണിച്ചിട്ടുമില്ല. ഉന്നയിക്കപ്പെട്ട ആരോപണം വളരെ ഗുരുതരമാണെന്നും, ആരോപണം തെളിയിക്കപ്പെട്ടാൽ കുറ്റവാളി - ആരായാലും - ശിക്ഷിക്കപ്പെടണ മെന്നതു തന്നെയാണ് സഭയുടെ നിലപാട്.

ആരോപണവിഷയമായ സംഭവത്തിൽ സഭ ആരെയും വിധിക്കുന്നില്ല. ആരെയും നീതീകരിക്കുന്നുമില്ല. ക്രിമിനൽ കേസിന്റെ അന്വേഷണം പോലീസാണു നടത്തേണ്ടത്. അവരത് നിയമാനുസൃതം

പൂർത്തിയാക്കട്ടെ. ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിച്ചാൽ, നിയമാനുസൃതം വിചാരണ നടത്തി കുറ്റവാളിയെ - അതാരായാലും- കോടതി ശിക്ഷിക്കട്ടെ. അതിനാണല്ലോ നിയമവാഴ്ചയെന്നു പറയുന്നത്. അതനുവദിക്കാതെ, മാധ്യമങ്ങൾ സമാന്തര അന്വേഷണവും വിചാരണയും നടത്തി കുറ്റവാളിയെ പ്രഖ്യാപിക്കുന്നത് അധാർമ്മികവും അനധികൃതവുമാണ്. ക്രിമിനൽ കേസുകളിലെ മാധ്യമവിചാരണ നിയമവിരുദ്ധവും, നീതി നിഷേധവും, മനുഷ്യാവകാശ ലംഘനവുമാണെന്നു ഇന്ത്യയുടെ സുപ്രീംകോടതിതന്നെ ആവർത്തിച്ചു വിധിച്ചിട്ടുണ്ട്. ഓരോ സാക്ഷിയും പറയുന്ന കാര്യങ്ങൾ പത്രസമ്മേളനം നടത്തി പ്രസിദ്ധപ്പെടുത്താനുള്ളതല്ല. എന്നാൽ, ഈ കേസിലെ സാക്ഷിമൊഴികളെക്കുറിച്ചും പോലീസ് നീക്കങ്ങളെക്കുറിച്ചും നിരന്തരം വന്നുകൊണ്ടിരിക്കുന്ന മാധ്യമ വാർത്തകൾ തെറ്റിദ്ധാരണാജനകമാണ്.

സമരം പോലീസിനെതിരെയാണെന്നാണു പറയുന്നതെങ്കിലും കത്തോലിക്കാസഭയ്ക്കും ബിഷപ്പുമാർക്കുമെതിരെ മുദ്രാവാക്യം വിളിക്കാനും പ്ലക്കാർഡ് പിടിക്കാനും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് വിഷലിപ്തമായ പ്രസംഗങ്ങൾ നടത്താനും സമരക്കാരും അവരുടെ അനുകൂലികളും മത്സരിക്കുകയാണ്. ഇരയെ രക്ഷിക്കാനെന്നുപറഞ്ഞ് ഇതിനൊക്കെ വ്യാപകമായ പ്രചാരണം കൊടുക്കുകയും, മുൻകൂട്ടി നിശ്ചയിച്ച അജണ്ടയ്ക്കനുസരിച്ച് ചാനൽ ചർച്ചകൾ നടത്തുകയും ചെയ്യുന്ന ചില മാധ്യമങ്ങളുടെ ഗൂഢലക്ഷ്യം നിഷ്പക്ഷമതികൾ മനസ്സിലാക്കുന്നുണ്ട്. അന്വേഷണോദ്യോസ്ഥരെ സമ്മർദ്ദത്തിലാക്കാനും കോടതിയെ സ്വാധീനിക്കാനും, അതിനിടയിൽ കത്തോലിക്കാസഭയെ കല്ലെറിയാനും നടത്തുന്ന ഇത്തരം സമരങ്ങൾ തികച്ചും അപലപനീയമാണ്.

നടക്കണമെന്നല്ല, ബിഷപ് ഫ്രാങ്കോയെ എങ്ങനെയും അറസ്റ്റ്ചെയ്ത് ജയിലിൽ ഇടണമെന്നാണു സമരക്കാരുടെ താല്പര്യമെന്നു തോന്നുന്നു. അതെന്തായാലും പോലീസിന്റെ അന്വേഷണം നീണ്ടുപോകുന്നതിനും ബിഷപ്പ് ഫ്രാങ്കോയെ അറസ്റ്റു ചെയ്യാത്തതിനും കത്തോലിക്കാസഭ യെയും മറ്റു ബിഷപ്പുമാരെയും കുറ്റപ്പെടുത്തുന്നതിൽ യാതൊരു യുക്തി യുമില്ല. സഭ നീതിപാലിക്കുക എന്ന് മുദ്രാവാക്യം വിളിക്കുന്നതിന്റെ പ്രസക്തിയെന്താണ്? സഭ പരാതിക്കാരിക്കു നീതി നിഷേധിച്ചിട്ടില്ലല്ലോ. സഭയെയും ബിഷപ്പുമാരെയും തെരുവിൽ ചീത്തവിളിക്കുകയും അതിനു മാധ്യമങ്ങളിലൂടെ പ്രചാരണം കൊടുക്കുകയും ചെയ്യുന്നത്

എന്തു നീതിയാണ്? സഹനത്തിന്റെയും ക്ഷമയുടെയും മൂല്യങ്ങളിൽ വിശ്വസിക്കുന്ന സമാധാനപ്രിയരായ ഒരു സമൂഹത്തെയും അവരുടെ ആദ്ധ്യാത്മിക നേതാക്കളെയും തിരിച്ചടി ഭയക്കാതെ അടിക്കാമെന്നുള്ള ചിന്തയല്ലേ ഇതിനു പിന്നിൽ?

പരാതിക്കാരിയായ കന്യാസ്ത്രീയ്ക്ക് സഭയിൽനിന്നും നീതികിട്ടിയിട്ടില്ല എന്ന ആരോപണത്തിൽ കഴമ്പില്ല. പരാതി നല്കിയെന്ന് പറയുന്ന കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരിക്കോ, മറ്റ് ബിഷപ്പുമാർക്കോ ജലന്ധർ ബിഷപ്പിന്റെ മേലോ മിഷണറീസ് ഓഫ് ജീസസ് കോൺഗ്രിഗേഷന്റെമേലോ അധികാരമൊന്നുമില്ല. ബിഷപ് ലൈംഗികമായി പീഡിപ്പിച്ചുവെന്ന് അവർക്കു നല്കിയ പരാതിയിൽ പരാതിക്കാരി പറഞ്ഞിരുന്നുമില്ല. വത്തിക്കാൻ പ്രതിനിധിക്കു നല്കിയെന്നു പറയുന്ന പരാതിയിന്മേൽ എത്രയുംവേഗം തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വത്തിക്കാന്റെ ഭാഗത്തുനിന്നും ഉചിതമായ നടപടി യഥാസമയമുണ്ടാകും. അതും ക്രിമിനൽ കേസും തമ്മിൽ കൂട്ടിക്കുഴയ്ക്കേണ്ടതില്ല. വഴിവക്കിൽ സമരത്തിനിരിക്കുന്ന അഞ്ചു കന്യാസ്ത്രീകളുടെ നടപടികളെക്കുറിച്ചും സന്ന്യാസ സഭയുടെ നിയമങ്ങൾ ലംഘിച്ചുള്ള ജീവിതത്തെക്കുറിച്ചും മിഷണറീസ് ഓഫ് ജീസസ് സന്ന്യാസ സഭ സെപ്തംബർ 10-നു പുറപ്പെടുവിച്ച പ്രസ്താവനയിൽ പറയുന്ന കാര്യങ്ങളും പ്രസക്തമാണ്.

നിയമാനുസൃതമായ അന്വേഷണങ്ങളുമായി സഭ സഹകരിക്കുമ്പോൾത്തന്നെ കത്തോലിക്കാസഭയെയും സന്യാസ ജീവിതത്തെയും അവഹേളിക്കത്തക്കവിധം കുറെ സന്ന്യാസിനികൾ വഴിവക്കിൽ പ്ലക്കാർഡ് പിടിച്ച്, മുദ്രാവാക്യം മുഴക്കിയിരിക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കുക സാധ്യമല്ല. നീതി നിർവ്വഹിക്കപ്പെടണമെന്ന നിലപാടിൽ കെ.സി.ബി.സി. ഉറച്ചുനില്ക്കുന്നു. സമരക്കാരും അനുകൂലികളും സമ്മർദതന്ത്രം ഉപേക്ഷിച്ച്, നിഷ്പക്ഷമായും കാര്യക്ഷമമായും കേസ് അന്വേഷണം പൂർത്തിയാക്കാൻ പോലീസിനെ അനുവദിക്കുകയാണുവേണ്ടത്. എത്രയും വേഗം കേസന്വേഷണം പൂർത്തിയാക്കാൻ പോലീസ് തയ്യാറാകണം.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.

## കച്ചേരികാര്യങ്ങൾ

**I ജപമാലമാസാചരണം**

ഒക്ടോബർ മാസത്തിൽ ജപമാല ഭക്തിയിലൂടെ ധാരാളം അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ അവസരമൊരുക്കാം. കുടുംബകൂട്ടായ്മകളുടെയും ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ നമ്മുടെ ഇടവക ദേവാലയങ്ങളിൽ 10 ദിവസത്തെ പ്രത്യേകമായ ജപമാല പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടത്തുവാൻ ശ്രദ്ധിക്കുക.

**II. അഭിവന്ദ്യപിതാവിന്റെ സന്ദർശനം**

ജപമാല പ്രാർത്ഥനയിലൂടെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം വഴിയായി ലഭിച്ച നമ്മുടെ രൂപതയുടെ വാർഷികാചരണത്തിനു മുമ്പായി നമ്മുടെ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവ് ജപമാല മാസമായ ഒക്ടോബറിൽ തന്നെ നിങ്ങളെ കാണുവാനും ഓരോ ഇടവക സമൂഹത്തോടൊപ്പം ചേർന്ന് ദൈവത്തിന് നന്ദി അർപ്പിക്കുവാനും വരികയാണ്. തദവസരത്തിൽ പിതാവ് ഇടവക സമൂഹത്തോടൊപ്പം പ്രാർത്ഥനാശുശ്രൂഷയിൽ പങ്കുചേരുകയും സന്ദേശം നൽകുകയും ചെയ്യും. അഭിവന്ദ്യ പിതാവിനോടൊപ്പം രൂപത ഫിനാൻസ് ഓഫീസർ മോൺ. വർഗ്ഗീസ് പെരേപ്പാടനച്ചനും ഉണ്ടായിരിക്കും. ഈയവസരത്തിൽ ഓരോ ഇടവകകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുവാനും കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കാനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും സാധിക്കും. പിതാവിന്റെ സന്ദർശനം വിജയമാക്കാൻ നിശ്ചയിച്ചുതന്നിട്ടുള്ള ദിവസങ്ങളിൽ സന്ദർശനം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ബഹു. വൈദികരും കൈക്കാരന്മാരും ശ്രദ്ധിക്കുമല്ലോ.

**III. വൈദികരുടെ മാസധ്യാനം**

ഒക്ടോബർ മാസത്തെ വൈദികരുടെ മാസധ്യാനം അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വെച്ച് 3 ാം തിയ്യതി വൈകുന്നേരം 6. 30 നു ആരംഭിക്കുന്നു. റവ. ഫാ. പോൾ കാച്ചപ്പിള്ളി എസ്. ഡി. ബി ധ്യാനചിന്തകൾ പങ്കുവെയ്ക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**IV. രൂപതാസ്ഥാപന ദിനം**

ഹൊസൂർ രൂപതാ സ്ഥാപന ദിനമാണ് ഒക്ടോബർ 9. അന്നേ ദിവസം പ്രത്യേകമായി നമ്മുടെ രൂപത്ക്കുവേണ്ടിയും രൂപാതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിനു

വേണ്ടിയും പ്രാർത്ഥിക്കാം.

**V. മിഷൻ ഞായർ**

ഒക്ടോബർ 21 ഞായറാഴ്ചയാണ് ആഗോളമിഷൻ ഞായർ. മിഷൻ ഞായർ കളക്ഷൻ നവംബർ 15 നു മുമ്പായി രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**VI കേരള ജലപ്രളയ ദുരിതാശ്വാസനിധി**

വെള്ളപ്പൊക്ക ദുരിതത്തിൽ കഴിയുന്ന കേരളത്തിലെ നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ സന്മനസ്സ് കാണിച്ച എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഇനിയും ആരെങ്കിലും സഹായങ്ങൾ നല്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒക്ടോബർ 10 നു മുൻപ് രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

**VII. തിരുനാളുകൾ**

ഒക്ടോബർ 1 - വി. കൊച്ചുത്രേസ്യ
ഒക്ടോബർ 2 - കാവൽ മാലാഖമാർ
ഒക്ടോബർ 4 - വി. ഫ്രാൻസിസ് അസീസ്സി
ഒക്ടോബർ 7 - ജപമാലറാണി
ഒക്ടോബർ 15- വി. അമ്മത്രേസ്യ
ഒക്ടോബർ 16- വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ
ഒക്ടോബർ 18- സുവിശേഷകനായ വി. ലൂക്ക
ഒക്ടോബർ 22- വി. ജോൺ പോൾ II
ഒക്ടോബർ 28- വി. യൂദാതദേവൂസ്

മോൺ. ജോസ് മാളിയേക്കൽ
പ്രോട്ടോസിഞ്ചെല്ലൂസ്

## SMYM-Hosur

**I 'യൂത്ത് ഡേ'**

ഒക്ടോബർ 14 ഞായറാഴ്ച അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്താൻ തീരുമാനിച്ചു.

**II ലോഗോസ് ക്വിസ്സ്**

സെന്റ് സെബാസ്റ്റ്യൻസ് ഒട്ടേരി യൂത്തിന്റെ നേതൃത്വത്തിൽ 18 വയസ്സിനു മുകളിലുള്ളവർക്കായി ലോഗോസ് ക്വിസ്സ് ഒക്ടോബർ 7 നു നടത്തുന്നു.

**III വടംവലി മത്സരം**

ഹൊസൂർ രൂപതയിലെ യുവജനങ്ങൾക്കായി സെന്റ് ജൂഡ് തിരുവട്ടിയൂർ യൂത്ത് ഒക്ടോബർ 13 ാം തിയ്യതി വടംവലി മത്സരം നടത്തുന്നു.

വെരി. റവ. ഫാ. സിബിൻ കോട്ടക്കൽ,
ഡയറക്ടർ, SMYM

## പിതൃവേദി

### ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ്

ഹൊസൂർ രൂപതാ പിതൃവേദിയുടെ നേതൃത്വത്തിൽ ഐ. എ. എഫ് ആവഡി ഫൊറോന ദൈവാലയത്തിൽ വെച്ച് ഒരു ക്യാൻസർ സ്ക്രീനിംഗ് ക്യാമ്പ് 2018 ഒക്ടോബർ 2 ാം തിയ്യതി രാവിലെ 10 മണി മുതൽ വൈകീട്ട് 7 മണി വരെ നടത്തപ്പെട്ടു. ഫൊറോന വികാരി വെരി. റവ. ഫാ. ജിജോ തുണ്ടത്തിൽ അദ്ധ്യക്ഷത വഹിക്കുകയും വെരി. റവ. ഡോ. ആന്റോ കരിപ്പായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഐ. എ. എഫ് ആവഡി, പട്ടാഭിരാം, കോവിൽപതാകൈ എന്നീ ഇടവകളിൽ നിന്നായി 68 സ്ത്രീകളാണ് ഈ ക്യാൻസർ ക്യാമ്പിൽ പങ്കെടുത്തത്.

ഡോ. ആന്റോ കരിപ്പായി
ഡയറക്ടർ, പിതൃവേദി

## മതബോധനം

### I മതബോധന അദ്ധ്യാപകരുടെ സെമിനാർ

മതബോധന അദ്ധ്യാപകരുടെ സെമിനാർ 3 സോണുകളിലായി നടത്തി. മുഗപ്പേർ സോണിൽ 22-07-2018 ന് അമ്പത്തൂർ ഡിവൈൻ മേഴ്സി പള്ളിയിലും കീഴ്ക്കട്ടലെ സോണിൽ 19-08-2018 ന് നീലാങ്കര സെന്റ് കമില്ലസ്സ് പള്ളിയിലും അയനാവരം സോണിൽ 26-08-2018 ന് അയനാവരം സെന്റ് തോമസ് പള്ളിയിലും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ നടത്തി. “The Relevance of Hosur Diocese: A Glance to Communion Ecclesiogy and Indian Church History'' എന്ന വിഷയത്തെക്കുറിച്ച് രൂപതയുടെ വികാരി ജനറാൾ മോൺ. വർഗീസ് പെരേപ്പാടൻ ക്ലാസുകൾ നയിച്ചു.

### II അർദ്ധവാർഷിക പരീക്ഷ

ഹൊസൂർ രൂപതയിലെ മതബോധന വിദ്യാർത്ഥികൾക്കുള്ള അർദ്ധവാർഷിക പരീക്ഷ 2018 ഒക്ടോബർ 14-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണി മൂതൽ 3.30 വരെയായിരിക്കും.

റവ. ഫാ. ജിയോ കൈതാരത്ത്
ഡയറക്ടർ, മതബോധനം
ഹൊസൂർ രൂപത

## സെമിനാരി വാർത്തകൾ

The Donations Received for St. James Minor Seminary from 5th August to 30th September 2018

1. P.T lukose............................................................................10,000
2. Jose M. K............................................................................... 4,000
3. St. Mary's Matri. High. Sec. School, Athipet..........................50,000
4. Jomy Thomas Manavalan, C/o Rev. Sr. Rincy.......................50,000
5. Well-wisher, Ottery...............................................................10,000
6. Alex Thomas, St. Thomas Mount..........................................25,000
7. Dominic Mohan V.K, Athipet.................................................50,000
8. Mrs. Valsamma Lazar, IAF Avadi...........................................4,000
9. Itteera Ambookken, Ottery....................................................10,000
10. Pithruvedi, Ottery.................................................................10,000
11. Youth, Ottery.........................................................................10,000
12. Paul Palocaren, IAF Avadi......................................................5,000
13. Thomas K.M & Roasamma Thomas....................................20,000
14. Bijo Varkey, Mugappair.......................................................20,000
15. P.P Augustine, Mugappair....................................................20,000
16. Soja Joshy, Ambattur..............................................................5,000
17. Biju V. John, Kodambakkam.................................................50,000
18. Mrs & Mr. Sebastian Chirammel, Vellikulangara....................50,000
19. Fr. Clement Chirayath..........................................................25,000
20. Pavanatma CHF, Irinjalakuda Province.................................10,000
21. Mr. Denny, Puthenchira.......................................................20,000
22. Well-wisher............................................................................1,000
23. Usha Maria, IAF Avadi.......................................................25,000

റവ. ഡോ ആന്റോ കരിപ്പായി
റെക്ടർ, സെന്റ് ജെയിംസ് മൈനർ സെമിനാരി

## ഈ മാസം ജന്മദിനം/തിരുനാൾ ആഘോഷിക്കുന്നവർ

ഒക്ടോബർ 4 : റവ. ഫാ. ജോബി മേനോത്ത് (തിരുനാൾ)
ഒക്ടോബർ 28 : റവ. ഫാ. ജിയോ കൈതാരത്ത് (ജന്മദിനം)

## ഇടയന്റെ ഇന്നലകൾ

സെപ്തംബർ 3-16 : റോം, ജൂനിയർ ബിഷപ്സ് ട്രെയിംനിംഗ് പ്രാഗ്രാമിൽ പങ്കെടുത്തു.
സെപ്തംബർ17-22: ഇരിങ്ങാലക്കുട
സെപ്തംബർ 23 : അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.
സെപ്തംബർ 26-30: ഹൊസൂർ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു.

## ഇടയന്റെ നാളകൾ

രൂപതാദിനത്തിനു മുമ്പായുള്ള അഭിവന്ദ്യ പിതാവിന്റെ ഇടവക സന്ദർശനം.

| | |
|---|---|
| 01 Monday | St. Thomas Church, Hosur |
| 02 Tuesday | Little Flower Catholic Church, Valsaravakkam |
| 03 Wednesday | Meeting and Monthly Recollection, Ayanavaram |
| 04 Thursday | St. Sebastian's Syro Malabar Catholic Church, Ottery |
| 05 Friday | St. Alphonsa Syro Malabar Catholic Church, kodambakkam |
| 07 Sunday | St. Thomas Syro Malabar Catholic Church, Mylapore |
| 08 Monday | St. Mary's Syro Malabar Church, Athipet |
| 09 Tuesday | Holy Cross Syro Malabar Catholic Forane Church, Mugappair |
| 10 Wednesday | Divine Mercy Syro Malabar Catholic Church, Ambathur |
| 11 Thursday | St. Joseph's Syro Malabar Catholic Forane Church, Perambur |
| 12 Friday | Christ the King Syro Malabar Catholic Church, Poonamallee |
| 13 Saturday | St. Thomas' Syro Malabar Catholic Church, Koilpadhagai |
| 14 Sunday | St. Thomas' Syro Malabar Catholic Forane Church, Ayanavaram |
| 15 Monday | Infant Jesus Syro Malabar Church, Avadi-Pattabiram |
| 16 Tuesday | Sacred Heart Syro Malabar Catholic Forane Church, Keelkattalai |
| 17 Wednesday | St. George's Syro Malabar Catholic Church, Ernavoor |
| 18 Thursday | St. Thomas' Syro Malabar Catholic Church, St. Thomas Mount |
| 19 Friday | Catechism Cultural Competitions, Poonamallee |
| 20 Saturday | St. Mother Theresa's Syro Malabar Catholic Church, Velachery |
| 21 Sunday | St. Antony's Syro Malabar Catholic Cathedral Church, Noothenchery |
| 22 Monday | St. Camillus' Syro Malabar Church, Neelankarai |
| 23 Tuesday | St. Alphonsa's Syro Malabar Catholic Church, Pozhichellur |
| 24 Wednesday | St. Thomas Syro Malabar church, Jaya Nagar, Pondicherry |
| 25 Thursday | St. Mary's Syro Malabar Church, Gorimedu, Pondicherry |
| 28 Sunday | St. Thomas Syro Malabar Church, Vellore |
| 30 Tuesday | St. Peter's Syro Malabar Forane Church, I A F Avadi |
| 31 Wednesday | St. Jude's Syro Malabar Church, Thiruvottiyur |